## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1823 07.12.2015-ന് മറുപടി നൽകേണ്ടത്

## സമുന്നതി തൊഴിൽ പരിശീലന പദ്ധതി

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ
,, പി.സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ.എസ്. ശബരീനാഥൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മുന്നോക്ക സമുദായ കോർപ്പറേഷൻ സമുന്നതി തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കിവരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും രണ്ട് ലക്ഷം രൂപയിൽ താഴെയുള്ള കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായങ്ങളിൽ ഉൾപ്പെടുന്ന തൊഴിൽ രഹിതരായ യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി, അവർക്ക് നൈപുണ്യപരിശീലനം നൽകി, ഏറ്റവും മികവുള്ളവർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കാൻ പ്രാപ്തി നൽകുകയും തൊഴിൽ നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ? | (സി) | തൊഴിൽ നൈപുണ്യപരിശീലനത്തിനായുള്ള കേരള സർക്കാരിന്റെ accredited agency ആയ KASE (Kerala Academy for Skills Excellence) മായി ചേർന്നാണ് 2014-15 കാലയളവിലെ നൈപുണ്യപരിശീലന പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് നൈപുണ്യപരിശീലന പദ്ധതി കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരികയും ചെയ്യുന്നു.<br>2015-16 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ ബഡ്ജറ്റ് വിഹിതമായി നൈപുണ്യ വികസന പദ്ധതിക്ക് അനുവദിക്കുകയും ആയതിന് 03.12.2015-ലെ ജി.ഒ. (ആർ.ടി) 8691/2015/പൊഭവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ